# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*724** **07.11.2016 ൽ മറുപടിയ്ക്ക്**

## കാർഷിക വികസന നയം

ചോദ്യം

**ശ്രീ. കോവൂർ കുഞ്ഞുമോൻ**
**ശ്രീ.കെ.കൃഷ്ണൻകുട്ടി**
**ശ്രീ.കെ.ബി.ഗണേഷ് കുമാർ**
**ശ്രീ.സി.കെ.നാണു**

മറുപടി

**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| എ) സംസ്ഥാനത്ത് കർഷക ആത്മഹത്യയെ പ്രതിരോധിക്കുന്നതിനും കർഷകനെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും കേരള സംസ്ഥാന കാർഷിക വികസന നയത്തിലെ എന്തൊക്കെ നിർദ്ദേശങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) കാർഷിക മേഖലയിലെ ഉൽപാദനം വർദ്ധിപ്പിച്ചും കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ അനന്യ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും കർഷക ആത്മഹത്യ പ്രതിരോധിക്കുന്നതിനും കർഷകനെ കടക്കെണിയിൽ നിന്ന് രക്ഷിക്കുന്നതിനും സഹായകരമായ വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. കർഷകന് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്ന് ഉറപ്പുവരുത്തുക, ഇപ്പോൾ കാർഷികമേഖലയിൽ നിലവിലുള്ള ഇൻഷുറൻസ് പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച്, കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ശരിയായ നഷ്ടപരിഹാരം ലഭിക്കുമെന്നുറപ്പാക്കുക, കർഷക ക്ഷേമ നിധി ഏർപ്പെടുത്തുക, കൃഷിക്കാർക്ക് കുറഞ്ഞ നിരക്കിലും പലിശരഹിത നിരക്കിലും ലോണുകൾ ലഭ്യമാക്കുക വഴി കടക്കെണിയിൽ നിന്നും കർഷകനെ രക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) മുൻസർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന കാർഷിക നയത്തിന്റെ കരട് രേഖയിൽ ഉണ്ടായിരുന്ന എന്തൊക്കെ നിർദ്ദേശങ്ങളാണ് ക്യാബിനറ്റ് ഒഴിവാക്കിയത്; വിശദാംശം ലഭ്യമാക്കുമോ; ഒഴിവാക്കിയ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഈ സർക്കാർ നടപ്പിലാക്കാൻ | ബി) മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന കാർഷിക നയത്തിന്റെ കരട് രേഖയിൽ നിന്നും താഴെ പറയുന്ന നിർദ്ദേശങ്ങളാണ് 11.03.2015 ൽ ചേർന്ന മന്ത്രിസഭായോഗം ഒഴിവാക്കിയത്.<br>**1. നീർമറി വികസനവുമായി ബന്ധപ്പെട്ട നയങ്ങൾ**<br>നയം 35 – സംസ്ഥാന കാർഷിക |

ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

ആസൂത്രണ വികസന പദ്ധതികളെല്ലാം നീർമറിയെ അടിസ്ഥാനപ്പെടുത്തിയാകണം

നയം 36 - ജലപരിപാലനത്തിനും / ജലക്ഷാമത്തിനും ഉത്തരവാദിത്തം സംസ്ഥാനത്തിനാണ്.

നയം 37 – നീർമറി വികസന പദ്ധതികൾ ലക്ഷ്യമിടുന്നത് ജനങ്ങളുടെ കൂട്ടായ്മകളെ അടിസ്ഥാനമാക്കിയുള്ള സമീപനങ്ങളിലൂടെ ഗ്രാമീണ ജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനും ദാരിദ്ര്യം കുറയ്ക്കാനുമാണ്.

**2. വരുമാനം ഉറപ്പാക്കൽ**

നയം 100 – ഖണ്ഡിക 20.7.2 – സർക്കാർ തലത്തിൽ ഉൽപന്നങ്ങളുടെ വില ഉറപ്പാക്കുന്നതിലൂടെ വിലയിടിവ് അനുഭവപ്പെടാൻ സാധ്യതയില്ല എന്നതുകൊണ്ടുതന്നെ ഇത് കർഷകർക്ക് ആത്മവിശ്വാസവും പ്രത്യാശയും പകർന്നു നൽകും. ഉൽപന്നങ്ങളുടെ കമ്പോളവില, കുറഞ്ഞ താങ്ങുവിലയ്ക്കും താഴേയ്ക്ക് പോകുന്ന പക്ഷം, വിലനിർണ്ണയ അതോറിറ്റിയുടെ തീരുമാനമനുസരിച്ച് സർക്കാരിന് ഈ ഉൽപന്നങ്ങൾ നിശ്ചിത സംഭരണ വിലയിൽത്തന്നെ ശേഖരിക്കാൻ കഴിയും. ഈ വില തീർച്ചയായും താങ്ങുവിലയേക്കാളും ഉയർന്നതായിരിക്കും എന്നതുകൊണ്ടുതന്നെ ഈ സംവിധാനം വഴി കർഷകർക്ക് നഷ്ടമൊഴിവാക്കുകയും കുറഞ്ഞ ലാഭമെങ്കിലും ഉറപ്പാക്കുകയും ചെയ്യാം.

**3.ക്ഷീരവികസനം സംബന്ധിച്ച നയങ്ങൾ**

നയം 214 - പാലിന്റെ ഗുണനിലവാര മാനദണ്ഡങ്ങൾ പുനർനിർവ്വചിക്കണം.

നയം 216 - സംസ്ഥാനത്തെ എല്ലാ ക്ഷീര കർഷകരെയും ഒരു സംഘടിത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരണം.

നയം 218 - ക്ഷീര സംഘത്തിൽ പാൽ എത്തിക്കുന്ന എല്ലാ കർഷകർക്കും തുടക്കത്തിൽ നാമമാത്ര അംഗത്വം നൽകുകയും മാനദണ്ഡങ്ങൾ പാലിക്കുന്ന മുറയ്ക്ക് അവരെ സ്ഥിര അംഗങ്ങളായി ഉയർത്തുകയും വേണം.

**4. ഉൾനാടൻ മത്സ്യ വികസന നയങ്ങൾ**

നയം 274, 275, 276, 277, 278 – എന്നിവയാണ് ഒഴിവാക്കിയത്.

(അനുബന്ധം-I കണ്ടാലും)

സംസ്ഥാനത്ത് ഒരു ജൈവകാർഷിക

നയം നടപ്പിലാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

| | | | |
|---|---|---|---|
| സി) | കാർഷിക നയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) | കാർഷിക നയം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച പരാമർശം അനുബന്ധം II ആയി ചേർക്കുന്നു. ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |

S. [signature]

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**